(സി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭക്ഷ്യസുരക്ഷാ ഓഫീസുകൾ

1 (2551) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിക്കണമെന്ന നിയമസഭാ കമ്മിറ്റിയുടെ ശിപാർശ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിലെ എല്ലാ ഒഴിവുകളും നികത്തി വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമസഭാ കമ്മിറ്റിയുടെ ശിപാർശ കണക്കിലെടുത്ത് 2-2-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 24/13/ആകവ പ്രകാരം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 തസ്തികകളും മുനിസിപ്പൽ കോമൺ സർവ്വീസസിലെ 32 തസ്തികകളും ഉപയോഗപ്പെടുത്തി. നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ, 27-4-2013-ലെ ഡി/2144/2011-ാം നമ്പർ ഉത്തരവുപ്രകാരം എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ രൂപീകരിച്ചിട്ടുള്ളതും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതുമാണ്.

(സി) എല്ലാ ഒഴിവുകളും നികത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly